## പതിന്നാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1239.** **12.07.2016 ൽ മറുപടിയ്ക്ക്.**

## മോട്ടോർ വാഹന വകുപ്പിലെ ഇ-പേയ്മെൻറ് സംവിധാനം

| ചോദ്യം<br>ശ്രീ. വി.റ്റി.ബൽറാം<br>,, അടൂർ പ്രകാശ്<br>,, ഷാഫി പറമ്പിൽ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് മോട്ടോർ വാഹന വകുപ്പിൽ ഇ-പേയ്മെൻറ് സംവിധാനം ഏർപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ ; | (എ) | മോട്ടോർ വാഹന വകുപ്പ് 2012 മുതൽ ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കി വരുന്നു. തുടക്കത്തിൽ തിരുവനന്തപുരം ജില്ലയിൽ മാത്രം നടപ്പിലാക്കിയ പദ്ധതി പിന്നീട് സംസ്ഥാനം മുഴുവനായി വ്യാപിപ്പിച്ചു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നീ ബാങ്കുകൾ വഴിയാണ് പദ്ധതി നടപ്പിലാക്കിയത്. ഇ-ട്രഷറിയുമായി ബന്ധപ്പെടുത്തി കൂടുതൽ ബാങ്കുകളെ ഉൾപ്പെടുത്തുവാനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | ഇ-പേയ്മെൻറ് സംവിധാനം ഏർപ്പെടുത്തുന്നത് കൊണ്ട് കൈവരിക്കാനുദ്ദേശിച്ചിരുന്ന ലക്ഷ്യങ്ങളെന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | പൊതുജനങ്ങൾക്ക് ഓഫീസുകളിൽ നേരിട്ട് വരാതെ തന്നെ ഫീസും നികുതിയും അടയ്ക്കുക, അഴിമതി തടയുക, ഇടനിലക്കാരെ ഒഴിവാക്കുക, പണമിടപാട് സുതാര്യമാക്കുക, എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യ |

| | | | |
|---|---|---|---|
| | | | ലക്ഷ്യം. മോട്ടോർ വാഹന വകുപ്പിന്റെ 23 ഓൺലൈൻ സേവനങ്ങളിൽ 19 സേവനങ്ങൾക്കുള്ള ഫീസും പുതിയ നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടേയും ഓട്ടോറിക്ഷാ (ട്രാൻസ്പോർട്ട്) വാഹനങ്ങളുടേയും ടാക്സും ഓൺലൈനായി സ്വീകരിച്ചു വരുന്നു. വകുപ്പ് സ്ഥാപിച്ചിട്ടുള്ള സ്പീഡ് ക്യാമറകളുമായി ബന്ധപ്പെട്ട് പുറപ്പെടുവിക്കുന്ന ചാർജ് മെമ്മോയുള്ള ഫൈനും ഇപ്പോൾ ഇ-പേയ്മെന്റ് വഴി അടയ്ക്കാവുന്നതാണ്.<br><br>ടാക്സ് അടയ്ക്കുന്ന തീയതിയിൽ കവറേജ് ഉള്ള വാഹന ഇൻഷ്വറൻസ്, ടാക്സ് അടയ്ക്കുന്ന മാസത്തിന്റെ തൊട്ടു മുൻപുള്ള മാസം വരെ ക്ഷേമനിധി അടച്ചതിന്റെ തെളിവ് എന്നിവ ഉണ്ടെങ്കിൽ മാത്രമേ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതി സ്വീകരിക്കുവാൻ കേരള മോട്ടോർ വാഹന നികുതി നിയമ പ്രകാരം അനുവാദമുള്ളൂ. ഇക്കാര്യങ്ങൾ ഓൺലൈനായി പരിശോധിക്കാനുള്ള സൗകര്യം താമസിയാതെ നിലവിൽ വരുന്നതാണ്. അതോടുകൂടി ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതിയും ഇ-പേയ്മെന്റ് മുഖാന്തിരം സ്വീകരിക്കാൻ കഴിയും. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ഭരണതലത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (സി) | ഇ – പേയ്മെന്റ് നടപ്പാക്കാനായി 2014 ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം, 1976 ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ടും, 13/03/2015 ലെ ജി.ഒ.(പി) നം.15/2015/ഗതാ. നമ്പർ ഉത്തരവ് പ്രകാരം, 1975 ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ റൂൾസും ഭേദഗതി ചെയ്തിട്ടുണ്ട്. ഇ-പേയ്മെന്റ് സ്വീകരിച്ചു കൊണ്ട് നല്കാവുന്ന സേവനങ്ങൾ എല്ലാം നല്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.